**13. സഹകരണ ഓഡിറ്റ് വിഭാഗത്തിന്റെ നവീകരണവും ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തലും.**

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 20.00 | 0.00 | 2425-101-91-34-3 (മറ്റ്ചെലവുകൾ) | 0.00 |
| 15.00 | 0.00 | 2425-101-91-91 (പരിശീലനം) | 14.70 |
| 65.00 | 0.00 | 2425-101-91-99 (വിവരസാങ്കേതി കവിദ്യ) | 44.12 |
| 70.00 | 0.00 | 2425-101-91-97 (വാഹനങ്ങളുടെ വാടക) | 41.18 |
| 130.00 | 0.00 | 4425-001-97 | 0.00 |
| 300.00 | 0.00 | ആകെ | 100.00 |

സഹകരണ ഓഡിറ്റിൽ പുതിയരീതികളും സാങ്കേതികവിദ്യകളും സ്വീകരിക്കുകയും അവയെ ആഭ്യന്തരവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ ടീം അടിസ്ഥാനമാക്കിയുള്ള പെർഫോമൻസ് ഓഡിറ്റ് നടപ്പിലാക്കികൊണ്ട് ഓഡിറ്റ് വിഭാഗത്തിന്റെ പുനരാവിഷ്കരണവും, നവീകരണവും നടത്തേണ്ടതായിട്ടുണ്ട്. ഓഡിറ്റ് ടീമിനായി ലാപ് ടോപ്പുകൾ വാങ്ങൽ, ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്ക് പരിശീലനം, ഓഡിറ്റ് ഡയറക്ടർക്കും ഓഡിറ്റ് ഓഫീസുകൾക്കുമായി വാഹനങ്ങൾ വാടകയ്ക്കെടുക്കൽ/കരാറിലെടുക്കൽ കൂടാതെ സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെയും ഐ.ടി ഓഡിറ്റ് സെല്ലിന്റെയും രൂപീകരണം എന്നിവയാണ് പ്രധാനമായും ടി പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

ആധുനിക സൂപ്പർവൈസറി മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള മേൽനോട്ടപ്രക്രിയ സഹകരണമേഖലയിലെ ഓഡിറ്റ് വിഭാഗത്തിൽ ചിട്ടപ്പെടുത്തുകയും നടപ്പിലാക്കുകയും വേണം. സഹകരണ ഓഡിറ്റിംഗ് മാനദണ്ഡങ്ങളുടെ വികസനം, ആധുനിക ഇന്റേണൽ ഓഡിറ്റ് സംവിധാനങ്ങളും പരിശോധനകളും വികസിപ്പിക്കൽ, ഏകീകൃത അക്കൗണ്ടിംഗ് സംവിധാനത്തിനായി പുതിയ ഓഡിറ്റ് തന്ത്രവും പ്രവർത്തനപദ്ധതിയും തയ്യാറാക്കൽ, പുതിയ ഓഡിറ്റ് സോഫ്റ്റ് വെയറുകളുടെയും ടൂളുകളുടെയും സ്വീകാര്യത, കമ്പ്യൂട്ടർ അസിസ്റ്റഡ് ഓഡിറ്റിംഗ് ടൂളുകളുമായും പ്രവർത്തനരീതികളുമായും പൊരുത്തപ്പെടലും ആന്തരികവൽക്കരണവും, ടീം അടിസ്ഥാനമാക്കിയുള്ള പെർഫോമൻസ് ഓഡിറ്റിന്റെ ആസൂത്രണവും രൂപകൽപ്പനയും, ആധുനിക ഓഡിറ്റ്പ പരിശോധനകൾക്കായുള്ള റിസ്ക് വിശകലന

മോഡ്യൂളുകൾ വികസിപ്പിക്കൽ, മേൽനോട്ട ഓഡിറ്റ് മോഡ്യൂളുകൾ വികസിപ്പിക്കൽ, ഓഡിറ്റ് പ്രക്രിയ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള സഹായം, ഓഡിറ്റ് നോട്ടിന്റെയും മെമ്മോറാണ്ടം ഫോർമാറ്റിന്റെയും പുതിയ പതിപ്പുകൾ സ്വായത്തമാക്കുക, ഓഡിറ്റ് ഓഫീസർമാർക്കുള്ള തീവ്രപരിശീലനം, ഓഡിറ്റ് കൈപ്പുസ്തകം വികസിപ്പിക്കൽ എന്നിവ ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നു.
ഈ പദ്ധതിയുടെ താഴെപറയുന്ന ഉപഘടകങ്ങൾക്കായി തുക വകയിരുത്തുന്നു.

| ക്രമനമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ലാപ്പ്ടോപ്പ്, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങൽ | 40.00 |
| 2 | ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്ക് പരിശീലനം | 10.00 |
| 3 | ജില്ലാ ഓഫീസുകൾക്കും ഡയറക്ടറേറ്റിനും ഓഡിറ്റ് ഡയറക്ടർക്കുമുള്ള വാഹനങ്ങൾ കരാറിലെടുക്കൽ/വാടകയ്ക്കെടുക്കൽ | 50.00 |
| | **ആകെ** | **100.00** |

2026-27 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ മേൽ ഘടകങ്ങൾക്കായി വകയിരുത്തുന്നു.